2589
9/3/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയ ശ്രീമതി.ശോഭന.എൻ -ന് ഉയർന്ന തസ്തികയിൽ പുനർ/റഗുലർ നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.10/15/സാ.നീ.വ        തിരുവനന്തപുരം, തീയതി 24.2.2015

---

പരാമർശം- 1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 7.8.2013 ലെ സ.ഉ(പി)നം.63/13/സാ.നീ.വ നമ്പർ ഉത്തരവ്.
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.8.2014-ലെ H4-24302/14,6.12.2014-ലെ H4-35742/14 നമ്പർ കത്തുകൾ

ഉത്തരവ്

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 നം 31.12.2003 നമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു.

2. പരാമർശം 2 ലെ ഉത്തരവ് പ്രകാരം 1.11.99 മുതൽ 27.4.2000 വരെയുള്ള കാലയളവിൽ കേരള ചുമട്ട തൊഴിലാളി ക്ഷേമനിധി ബോർഡിൽ എൽ.ഡി ക്ലാർക്ക് തസ്തികയിലെ സേവനത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.എൻ.ശോഭനയ്ക്ക് ടി ബോർഡിൽ പുനർനിയമനം നൽകി ഉത്തരവായിരുന്നു.

3. പരാമർശം 3 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിലവിൽ കേരള ചുമട്ട തൊഴിലാളി ക്ഷേമനിധി ബോർഡിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി.ശോഭന 26.2.2001 മുതൽ 23.8.2001 വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ താൽക്കാലികമായി സേവനമനുഷ്ഠിച്ചിരുന്നുവെന്നും ടിയാൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുനർനിയമനം നൽകണമെന്നും ശുപാർശ ചെയ്തിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ചുവടെ നൽകിയിരിക്കുന്ന പ്രൊഫോർമ അനുസരിച്ച് ശ്രീമതി.എൻ.ശോഭനയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പരാമർശം 1 ലെ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാരി സർവ്വീസിൽ നിന്ന് പെൻഷനായി പിരിഞ്ഞുപോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാവുന്ന തരത്തിലും ടി ഉദ്യോഗാർത്ഥിക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവാകുന്നു.

| Name and Address | Age & Date of Birth | Post, Office & Department | Period From To |
|---|---|---|---|
| Sobhana.N, Mannathikonathuveedu, Mukkampalamoodu, Moongodu, Peyad | 44 8.3.1970 | Assistant Gr.II Kerala Public Service Commission, Thiruvananthapuram | 26.2.2001 to 23.8.2001 |

5. അംഗപരിമിതയായ ശ്രീമതി.ശോഭനയുടെ വൈകല്യ സർട്ടിഫിക്കറ്റ്, റിലീവിംഗ് /ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, സേവന പുസ്തകം തുടങ്ങിയവയുടെ അസ്സൽ രേഖകൾ വിശദമായി പരിശോധിച്ച് വകുപ്പ് മേധാവി സ്വയം ബോധ്യപ്പെട്ടതിനു ശേഷം ടിയാൾക്ക് മേൽ പ്രകാരമുള്ള സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ